# സ്നേഹത്തോടെ മലർവാടിക്ക്...

ആദ്യം പറയട്ടെ മലർവാടിയുടെ പുതിയരൂപം വളരെ ഇഷ്ടമായി. ഇനിയത് മാസത്തിൽ രണ്ടെണ്ണമായി കയ്യിൽ കിട്ടുമെന്ന അറിയിപ്പും ഏറെ സന്തോഷം നൽകുന്നു. വായിക്കാനും പഠിക്കാനും ഒരുപാട് വിഭവങ്ങളാണല്ലോ മലർവാടി ഓരോ ലക്കത്തിലും ഒരുക്കി തരുന്നത്. നല്ല ഉള്ളടക്കം. പുതിയ ഡിസൈനിലേക്ക് മാറിയപ്പോൾ വായിക്കാനും കാഴ്ചക്കും ഒരു സുഖമുള്ളപോലെ.

മലർവാടി കയ്യിൽ കിട്ടിയാൽ ആദ്യം മറിച്ചുനോക്കുന്നത് തന്നെ അടിയിലുള്ള വിജ്ഞാനപ്രദമായ അടിക്കുറിപ്പുകളാണ്.

**അസ്ന കെ പർവിൻ, ജെ.ഡി.റ്റി**

പ്രിയ മലർവാടി,

പുതിയ രൂപത്തിലായ മലർവാടിക്ക് നല്ല മൊഞ്ചുണ്ട്. 'ശിഹാബ്ക്കയോട് ചോദിക്കാം' ഏറെ ഇഷ്ടമായി. ഞങ്ങളുടെ മലയാളം ക്ലാസ് ടീച്ചറെ പോലെയാണ് ശിഹാബ്ക്കയും എന്ന് തോന്നി. ഞങ്ങളുടെ നല്ല ചോദ്യങ്ങൾക്കും പൊട്ട ചോദ്യങ്ങൾക്കും കുസൃതിച്ചോദ്യങ്ങൾക്കും ചിരിച്ച് മറുപടി പറഞ്ഞ് തരുന്ന ടീച്ചറെപ്പോലെത്തന്നെയാണ് ശിഹാബ്ക്കയും.

**ഫിദ കെ. ഷിറിൻ**
**ഇഖ്റ ഇംഗ്ലീഷ് മീഡിയം സ്കൂൾ,**
**മാലാപറമ്പ്**

പ്രിയ മലർവാടിക്ക്,

പുതിയ മലർവാടി കാണാൻ നല്ല ചന്തമുണ്ട്. വലുപ്പം കൂടിയത് കൊണ്ട് വായിക്കാനിപ്പോൾ നല്ല സുഖമുണ്ട് . മെയ് ലക്കത്തിൽ വന്ന നിങ്ങൾക്കും ഷോട്ട് ഫിലിം നിർമിക്കാം എന്ന ലേഖനം സിനിമാ നിർമാണത്തെ പറ്റി അറിയാൻ സഹായകമായി. രാജകുമാരനും മീവൽ പക്ഷിയും എന്ന കഥ കണ്ണ് നനയിച്ചു. എല്ലാവരും രാജകുമാരനേയും മീവൽ പക്ഷിയേയും പോലെ നൻമ നിറഞ്ഞവരായിരുന്നെങ്കിൽ എത്ര സുന്ദരമാകുമായിരുന്നു ഈ ലോകം എന്ന് ആഗ്രഹിച്ചുപോയി.

ജൂൺ ലക്കത്തിലെ ബഷീർ തൃപ്പനച്ചിയുടെ പെരുന്നാളോർമകളും ഹൃദ്യമായിരുന്നു. പഴയ കാലത്തെ പെരുന്നാൾ നൻമകളെ അത് ഓർമപ്പെടുത്തുന്നു.

**വഫ സിത്താര വാഹിദ്**
**ക്ലാസ്-7**
**ജി.യു.പി.എസ് കുറുമ്പലങ്ങോട്**

സ്നേഹത്തോടെ മലർവാടിക്ക്,

കെട്ടിലും മട്ടിലും മാറ്റത്തോടെ വന്ന മലർവാടി ഇഷ്ടമായി. പുതിയ പംക്തികളെല്ലാം മികച്ചതായിരുന്നു. ശിഹാബ്ക്കയോട് ചോദിക്കാം എന്ന പംക്തി ഞങ്ങൾ കുട്ടികൾക്ക് ഏറെ ഉപകാരപ്രദമായ നിർദേശങ്ങൾ നൽകുന്നു.

ചിരി വൈദ്യൻ, കുഞ്ഞുമോൻ തുടങ്ങിയ കാർട്ടൂൺ കോളങ്ങൾ നല്ല ചിരിക്ക് വക നൽകുന്നു. ഫ്രണ്ട്സിന് മുന്നിൽ മാജിക് കാണിച്ച് അവരെ ഞെട്ടിച്ച് ക്ലാസിൽ സ്റ്റാറാകാനുള്ള അവസരം നൽകുന്നു മാജിക് സ്റ്റിക്ക്. താങ്ക്യൂ മലർവാടീ...

**ഫൈസ അഷ്റഫ് ലബ്ബ**
**ക്ലാസ്-5**
**ഗുഡ് ഷെപേഡ് മോഡേൺ ഇംഗ്ലീഷ് സ്കൂൾ, പാലുണ്ട**

**മികച്ച കത്ത്**

ഈ ലക്കത്തിലെ സമ്മാനാർഹമായ കത്ത് എഴുതിയത് **വഫ സിത്താര വാഹിദ്** ആണ്. കത്തെഴുതിയ കൂട്ടുകാർക്കെല്ലാം മലർവാടിയുടെ അഭിനന്ദനങ്ങൾ.

**നിങ്ങളുടെ കത്തുകൾ**
മലർവാടി ദ്വൈവാരിക, ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്-12. കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും 8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.

പേര്, ക്ലാസ്, സ്കൂൾ, വീട്ടുവിലാസം, ഫോൺനമ്പർ എന്നിവ എഴുതാൻ മറക്കരുതേ.